"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പവവിവ - 18 മാസം കൊണ്ട് പൂർത്തീകരിക്കാവുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ- സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ സമർപ്പിച്ച പുതിയ സ്കീമുകൾ / പദ്ധതികൾ /പ്രോഗ്രാമുകൾ ഉൾപ്പെട്ട പ്രൊപ്പോസലുകൾ പൂർത്തീകരിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പിഎം) വകുപ്പ്**

സ.ഉ.(സാധാ) നം.852/2024/SCSTD തീയതി,തിരുവനന്തപുരം, 01-10-2024

പരാമർശം:- 1. 16/05/2024 ലെ PIEM2/19/2024-PIEMD നമ്പർ സർക്കുലർ

2. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ 31/07/2024 ലെ പനിവിനി-2/19/2024/പനിവിനിവ നമ്പർ കത്ത്

**ഉത്തരവ്**

സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ സമർപ്പിച്ച പുതിയ സ്കീമുകൾ / പദ്ധതികൾ /പ്രോഗ്രാമുകൾ ഉൾപ്പെട്ട പ്രൊപ്പോസലുകൾ സൂചന 2 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട് . ( പട്ടിക വർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ഉള്ളടക്കം ചെയ്യുന്നു ).ആയതിലെ വിഷയങ്ങൾ ചർച്ച നടത്തി ഒരു മാസത്തിനകം എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് സ്കീമുകൾ/ പദ്ധതികൾ/ പ്രോഗ്രാമുകൾ എന്നിവ 18 മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്നതിനായി ഗവൺമെൻറ് സെക്രട്ടറി, വകുപ്പ് മേധാവി, ആസൂത്രണ ബോർഡിലെ ബന്ധപ്പെട്ട മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡിലെ ബന്ധപ്പെട്ട ചീഫ് എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിൽ നിന്നും അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു .സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ സമർപ്പിച്ച പട്ടിക വർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട പുതിയ സ്കീമുകൾ / പദ്ധതികൾ /പ്രോഗ്രാമുകൾ ഉൾപ്പെട്ട പ്രൊപ്പോസലുകളിലെ വിഷയങ്ങൾ ചർച്ച നടത്തി ഒരു മാസത്തിനകം എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് സ്കീമുകൾ/ പദ്ധതികൾ/ പ്രോഗ്രാമുകൾ എന്നിവ 18 മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്നതിനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അഡീഷണൽ ചീഫ് സെക്രട്ടറി , പട്ടികവർഗ്ഗ വികസന വകുപ്പ്

2. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
3. മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ് (പട്ടികജാതി പട്ടികവർഗ്ഗ വികസനം)
4. ചീഫ് സംസ്ഥാന ആസൂത്രണ ബോർഡ് (വികേന്ദ്രീകൃതാസൂത്രണ വിഭാഗം)

എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് സ്കീമുകൾ/ പദ്ധതികൾ/ പ്രോഗ്രാമുകൾ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ടി കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ് (പട്ടികജാതി പട്ടികവർഗ്ഗ വികസനം)
3. ചീഫ് സംസ്ഥാന ആസൂത്രണ ബോർഡ് (വികേന്ദ്രീകൃതാസൂത്രണ വിഭാഗം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ) കേരള, തിരുവനന്തപുരം
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ) കേരള, തിരുവനന്തപുരം
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
7. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Lizy Susan John
സെക്ഷൻ ഓഫീസർ
Date: 03-10-2024 14:24:15

പകർപ്പ്

1. ബഹു.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പിഎസ്
2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ
3. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎ